**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. *85** | **12-06-2013-ലെ മറുപടിയ്ക്ക്**

**ജനനി പാർപ്പിട പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ് :<br>ശ്രീ. സി.പി.മുഹമ്മദ്:<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. എ.റ്റി.ജോർജ്ജ് : | ശ്രീ. ഷിബു ബേബിജോൺ<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പ് ജനനി പാർപ്പിട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വിവിധ ക്ഷേമനിധി ബോർഡുകളുടെ സഹായത്തോടെ നഗര പ്രാന്ത പ്രദേശങ്ങളിൽ ഭൂമി കണ്ടെത്തി താങ്ങാവുന്ന ചെലവിൽ ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്നതിനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഈ സാമ്പത്തിക വർഷം 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) നഗര പ്രദേശങ്ങളിലെ താഴ്ന്ന വരുമാനക്കാരായ തൊഴിലാളികൾക്ക് സ്വന്തമായി വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;<br><br>(ഡി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ? | (സി) യും (ഡി) യും<br>ഇതു സംബന്ധിച്ച പദ്ധതി പ്രാരംഭദശയിലാണ്. |

സെക്ഷൻ ഓഫീസർ